"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ - സീവേജ് പമ്പിങ് സ്റ്റേഷനുവേണ്ടിയുള്ള സ്ഥലമെടുപ്പിലെ ക്രമക്കേട് - മുൻ ടൗൺ പ്ലാനിംഗ് ഓഫീസർ ശ്രീ.രാജു മാത്യുവിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1178/2025/LSGD തീയതി,തിരുവനന്തപുരം, 13-05-2025

---

പരാമർശം:-

1. വിജിലൻസ്(ഡി) വകുപ്പിൽ നിന്നുള്ള 30.10.2013-ലെ 11051/D1/2013/Vig നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 21.08.2013-ലെ E7(QV6/11/EKM) 13641/11) നമ്പർ കത്ത്.

3 26.12.2013-ലെ 72316/EW1/13/LSGD നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.

4. തദ്ദേശസ്വയംഭരണവകുപ്പ് ചീഫ്എഞ്ചിനിയറുടെ 23.10.18-ലെ ഇ13/13640/13/സിഇ/തസ്വഭവ നമ്പർ കത്ത്
5. കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ 30.10.24-ലെ ISO/MOP2/17127/2012 നമ്പർ കത്ത് .

**ഉത്തരവ്**

സീവേജ് പമ്പിങ് സ്റ്റേഷനു വേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച സ്ഥലത്ത് കോർപറേഷൻ ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ സ്വകാര്യ വ്യക്തി ഒരു മൂന്നുനില കെട്ടിടം പണിയുന്നു എന്ന ആരോപണത്തിന്മേൽ വിജിലൻസ് നടത്തിയ ക്വിക് വെരിഫിക്കേഷനിൽ സർവ്വേ നമ്പർ 500/8-ലെ ഭൂമി സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുകയാണെന്ന വിവരം അറിയാമായിരുന്നിട്ടും മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായ ശ്രീ.രാജു മാത്യൂടി സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റിന് ശിപാർശ ചെയ്തത് ബോധപൂർവ്വം ചെയ്തതാണെന്ന് കണ്ടെത്തിയിരുന്നു. ടിയാനെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റപത്രം, കുറ്റാരോപണപത്രിക എന്നിവ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

കുറ്റപത്രത്തിന് ശ്രീ.രാജു മാത്യൂ മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. ടിയാൻ 28.02.2014-ൽ സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി. ആയതിനാൽ ഈ വിഷയത്തിൽ ശ്രീ.രാജു മാത്യുവിന്റെ പ്രവൃത്തിമൂലം സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ എന്ന് അറിയിക്കാൻ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ്എൻജിനീയറോട് ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ കഴിയാതെപോയതിനാൽ പത്രപരസ്യം നൽകൽ, ഗസറ്റ് വിജ്ഞാപനം നടത്തൽ എന്നീ വകകളിൽ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടാവാമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

17.01.2011-ലെ 93-ാം നമ്പർ ഗസറ്റിലെ എൽ.ആർ.സി 651726/10 തീയതി 11.01.2011 പ്രഖ്യാപനം പ്രകാരം കണയന്നൂർ താലൂക്ക്, എളംകുളം വില്ലേജ് സർവ്വേ 600/843-ൽ പെട്ട 02.37 ആർ, 500/8-44ൽ പെട്ട 00.19 ആർ 500/8-45 ൽ പെട്ട 00.46 ആർ. 07/25-ൽ പ്പെട്ട 04.04 ആർ, 713/714-ൽ പെട്ട 01.52 ആർ 744/13-ൽ പെട്ട 02.06 ആർ 824/27 ൽ പെട്ട 03.28 ആർ 914/15ൽ പെട്ട 04.04 ആർ എന്നിവ ഉൾപ്പെട്ട 17.96 ആർ ഭൂമിയാണ് എളകുളം സീവേജ് പ്ലാന്റിനായി ഏറ്റെടുക്കാൻ വിജ്ഞാപനം ചെയ്തിരുന്നതെന്നും എന്നാൽ സർവ്വെ 500/8-44, 500/8-45 എന്നിവയിൽപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണം നടത്തിയതിനെ തുടർന്ന് ടി ഭൂമികൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും സർവ്വേ 607/2-5ൽ പെട്ട് 04.04ആർ, 914/15-ൽ പെട്ട 03.16 ആർ, 941/-ൽ പെട്ട 00.88 ആർ, 500/8-43ൽ പെട്ട 02.37 ആർ എന്നിവ ചേർന്ന് 17.11 ആർ ഭൂമി മാത്രമാണ് എളംകുളം സീവേജ് പ്ലാന്റിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്നും സർവ്വേ 500/8-44, 500/8-45 എന്നീ ഭൂമികൾ, ഏറ്റെടുത്ത മറ്റ് ഭൂമികൾ ഉൾപ്പെടെ വിജ്ഞാപനം നടത്തിയതിനാൽ സർവ്വേ 500/8-44, 500/8-45 എന്നീ ഭൂമികൾ ഏറ്റെടുക്കാത്തത് മൂലം സർക്കാരിന് പത്ര പരസ്യം, ഗസറ്റ് വിജ്ഞാപനം എന്നിവയിൽ പ്രത്യേകിച്ച് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതായി കാണുന്നുവെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ എ) റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കൊച്ചി കോർപറേഷൻ സെക്രട്ടറി അറിയിച്ചിരുന്നു.

വിജിലൻസ് റിപ്പോർട്ട്, ശ്രീ.രാജു മാത്യുവിന് നൽകിയ കുറ്റപത്രം, ചീഫ് എഞ്ചിനിയർ, കൊച്ചി കോർപ്പറേഷൻ സെക്രട്ടറി എന്നിവർ സമർപ്പിച്ച റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്നവ വെളിവാകുന്നു.

Sewage pumping station-നു വേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച ഭൂമി (സർവ്വേ നമ്പർ 500/8) സർക്കാർ നോട്ടിഫിക്കേഷൻ നിലനിൽക്കവെ ആയതിനെകുറിച്ച് അറിയാമായിരുന്ന മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായ ശ്രീ.രാജു മാത്യു ടി ഭൂമിയിൽ കെട്ടിടം പണിയാൻ ശുപാർശ ചെയ്തു എന്നതാണ് വിജിലൻസിന്റെ ആരോപണം. മേൽ ആരോപണം ശരിയാണെന്ന് കാണാം. 01.10.2009-ലെ കേരള ഗവൺമെന്റിന്റെ 25208/2009/തസ്വഭവ ഉത്തരവ് പ്രകാരം Sewage pumping station-നു വേണ്ടിയുള്ള സ്ഥലം ഏറ്റെടുപ്പിനുവേണ്ടി പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച സർവ്വേ നമ്പർ 500/8-ഉം ഉൾപ്പെട്ടിട്ടുണ്ട്. ടി ഉത്തരവ് ശ്രീ. രാജു മാത്യു 14.10.2009-ൽ രേഖപ്പെടുത്തിട്ടും ഉണ്ട്. 16.10.2009-ൽ മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായ ശ്രീ.രാജു മാത്യു അംഗീകാരം നൽകിയതിന് ശേഷമാണ് സർവ്വേ നമ്പർ 500/8- സ്ഥലത്ത് ബിൽഡിംഗ് പെർമിറ്റിന് അനുമതി നൽകിയിട്ടുള്ളത്. ആയതിൽ നിന്നും ഇക്കാര്യത്തിൽ ശ്രീ.രാജു മാത്യുവിന്റെ ഭാഗത്തു വീഴ്ച ഉണ്ടായതായി കാണാം.

മേൽ വിഷയത്തിൽ സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടായോ എന്ന വിഷയം പരിശോധിക്കുമ്പോൾ കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സർവ്വേ 500/8-44, 500/8-45 എന്നീ ഭൂമികൾ ഏറ്റെടുക്കാത്തത് മൂലം സർക്കാരിന് പത്ര പരസ്യം, ഗസറ്റ് വിജ്ഞാപനം എന്നിവയിൽ പ്രത്യേകിച്ച് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ എ) റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിച്ചിരുന്നു. വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ഭൂമികളുടെ പത്രപരസ്യവും ഗസറ്റ് വിജ്ഞാപനവും ഒന്നിച്ച് നടത്തിയതിനാൽ പരാമർശ ഭൂമി ഏറ്റെടുക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലയെന്നു കാണാം.

കുറ്റാരോപിതനായ ശ്രീ.രാജു മാത്യുവിന് 28.12.2013-ൽ സർക്കാർ റൂൾ 16 പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയെങ്കിലും ടിയാൻ 28.02.2014-ൽ സേവനത്തിൽ നിന്നും വിരമിച്ചു.

11.02.2014-ൽ ടിയാൻ കുറ്റപത്രം സ്വീകരിച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ടിയാനിൽ നിന്ന് കുറ്റപത്രത്തിനുള്ള മറുപടി ലഭ്യമാകാത്തതും വിവിധ ഓഫീസുകളിൽ നിന്ന് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാകാത്തതും മൂലം 2014-ൽ ടിയാനെതിരായി ആരംഭിച്ച അച്ചടക്ക നടപടി പൂർത്തിയാവാത്തതിനാൽ ടിയാന് മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കിയിട്ടില്ല. പ്രതിപാദ്യ വിഷയത്തിൽ മുൻ ടൗൺ പ്ലാനർ ശ്രീ.രാജു മാത്യുവിന്റെ ഭാഗത്ത് അശ്രദ്ധമൂലമുള്ള വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

മേൽ സാഹചര്യത്തിൽ, കൊച്ചി കോർപ്പറേഷനിലെ Sewage pumping station-നു വേണ്ടിയുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് മുൻ ടൗൺ പ്ലാനിംഗ് ഓഫീസറായ ശ്രീ.രാജു മാത്യുവിനെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ "ഒഴിവാക്കി" തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. രാജു മാത്യു, മുൻ ടൗൺ പ്ലാനിംഗ് ഓഫീസർ**(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. വിജിലൻസ് (F) വകുപ്പ്
4.തദ്ദേശ സ്വയംഭരണ (EWB) വകുപ്പ്
5.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 14-05-2025 10:33:18
സെക്ഷൻ ഓഫീസർ